പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1707** | **16-10-2026-ൽ മറുപടിയ്ക്ക്**

**<u>വാഹന മോഡിഫിക്കേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** വാഹന മോഡിഫിക്കേഷന് നിലവിലെ സർക്കാർ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ എന്നും ഇത്തരം ഇളവുകൾ നൽകാൻ സംസ്ഥാന സർക്കാരിന് നിയമപരമായ അധികാരമുണ്ടോ എന്നും ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അധികാരപരിധി എത്രത്തോളമാണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മോട്ടോർ വാഹന നിയമം, 1988-ലെ സെക്ഷൻ 52 പ്രകാരം, വാഹനത്തിന്റെ നിർമ്മാതാവ് വ്യക്തമാക്കിയിട്ടുള്ളതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ വിവരങ്ങളിൽ വ്യത്യാസം വരുന്ന രീതിയിൽ ഒരു വാഹന ഉടമയും വാഹനത്തിൽ വ്യത്യാസം വരുത്താൻ പാടുള്ളതല്ല.

കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ, 1989-ലെ ചട്ടം 112-ഉം മറ്റ് ബാധകമായ ചട്ടങ്ങളും അനുസരിച്ച് ഏതൊരു മാറ്റവും അല്ലെങ്കിൽ കൂട്ടിച്ചേർക്കലുകളും (ഇന്ധന സംവിധാനം, പ്രൊപ്പൽഷൻ സംവിധാനം, എൻജിൻ, ഷാസി, ബോഡി ഘടന തുടങ്ങിയവയിൽ വരുത്തുന്ന മാറ്റങ്ങൾ) ബന്ധപ്പെട്ട കേന്ദ്ര ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ, മാനദണ്ഡങ്ങൾ, സുരക്ഷാ വ്യവസ്ഥകൾ എന്നിവയ്ക്ക് വിധേയമായിരിക്കണം. കൂടാതെ ഇത്തരം മാറ്റങ്ങൾ Original Equipment Manufacture (OEM), വാഹന നിർമ്മാതാവിന്റെ അംഗീകൃത ഡീലർ, അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ അംഗീകരിച്ചിട്ടുള്ള വർക്ക്ഷോപ്പ്/സർവീസ് സ്റ്റേഷൻ എന്നിവ മുഖേന മാത്രമേ ചെയ്യാൻ പാടുള്ളൂ. പ്രസ്തുത നിബന്ധനകളിൽ മാറ്റം വരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ല.

**(ബി)** വാഹന മോഡിഫിക്കേഷൻ സംബന്ധിച്ച് യുവജന/വാഹന ഉടമ സംഘടനകളുമായി ഔദ്യോഗിക ചർച്ച നടത്തിയിട്ടുണ്ടോയെന്നും അവർക്ക് ഉറപ്പുകൾ നൽകിയെങ്കിൽ എന്തൊക്കെയായിരുന്നുവെന്നും അവയിൽ എത്രയെണ്ണം നടപ്പാക്കിയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ചർച്ചകളൊന്നും നടത്തിയിട്ടില്ല.

**(സി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്റ്റർ ചെയ്ത മോഡിഫിക്കേഷൻ സംബന്ധിച്ച കേസുകളുടെയും (ലൈറ്റ്, ടയർ, സൈലൻസർ തുടങ്ങിയവയ്ക്ക് പ്രത്യേകമായി) ഇതിലൂടെ ഈടാക്കിയ പിഴയുടെയും കണക്കുകൾ മാസവും ജില്ലയും തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** വാഹനിൽ പോർട്ടിങ് നടക്കുന്നതിനാൽ ലൈറ്റ്, ടയർ, സൈലൻസർ തുടങ്ങിയ മോഡിഫിക്കേഷൻ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ കണ്ടെത്തുവാൻ സാങ്കേതിക

തടസ്സങ്ങളുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന 18/05/2026 മുതൽ 30/09/2026 വരെയുള്ള സംസ്ഥാനത്തെ മൊത്തമായിട്ടുള്ള കണക്കുകൾ അനുബന്ധമായി ചുവടെ ചേർക്കുന്നു.

**(ഡി)** ഓരോ അനധികൃത മോഡിഫിക്കേഷനും 5000 രൂപ വീതം പിഴ ചുമത്തണമെന്ന ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം എത്ര രൂപ പിഴ ചുമത്തി എന്നും പിഴ വരുമാനം വർദ്ധിപ്പിക്കാൻ മോട്ടോർ വാഹന വകുപ്പിന് എന്തെങ്കിലും ടാർഗെറ്റ് നിശ്ചയിച്ച് നൽകിയിരുന്നോ എന്നും വ്യക്തമാക്കാമോ?

**മറുപടി:** ഓരോ അനധികൃത മോഡിഫിക്കേഷനും 5000 രൂപ വീതം പിഴ ചുമത്തണമെന്ന ബഹു. ഹൈക്കോടതി നിർദ്ദേശ പ്രകാരം 2026 മെയ് 18 മുതൽ 2026 സെപ്റ്റംബർ 30 വരെ 5,53,70,000 രൂപ പിഴ ചുമത്തിയിട്ടുള്ളതാണ്.

അനധികൃത മോഡിഫിക്കേഷൻ കണ്ടെത്തി പിഴ വരുമാനം വർദ്ധിപ്പിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന് ടാർഗെറ്റ് നിശ്ചയിച്ച് നൽകിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**

| Month | Offence | Total Challan | Total Challan Amount | Total Disposal Challan Count | Total Revenue Collected |
|---|---|---|---|---|---|
| May | Owner alters a vehicle including by retrofitting parts in a manner not permitted under the Act or rules and regulations made there under. | 601 | 33,80,000 | 211 | 11,95,000 |
| June | ,, | 2178 | 1,22,05,000 | 624 | 35,70,000 |
| July | ,, | 2182 | 1,25,70,000 | 576 | 33,75,000 |
| August | ,, | 1802 | 1,13,50,000 | 367 | 22,40,000 |
| September | ,, | 2394 | 1,58,65,000 | 411 | 28,15,000 |